**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഇക്കോ ടൂറിസം വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഇക്കോടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിനും വിനോദ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഇക്കോ ടൂറിസം ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ വനം വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഇക്കോടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിനും വിനോദ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി, നിലവിലുള്ള ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഏജൻസികൾ(FDA), സ്റ്റേറ്റ് ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഏജൻസി (SFDA) എന്നിവ നിലനിർത്തി അവ പുതുതായി രൂപീകരിക്കുന്ന അതോറിറ്റിയിൽ അഫിലിയേറ്റ് ചെയ്തുകൊണ്ടും സംസ്ഥാനത്തെ സഞ്ചിത നിധിയിൽ നിന്നും അധിക സാമ്പത്തിക ചെലവ് കൂടാതെ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് 'കേരള ഫോറസ്റ്റ് ഇക്കോടൂറിസം ഡവലപ്പ്മെന്റ് അതോറിറ്റി' രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇക്കോ ടൂറിസം പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | കേരള ഫോറസ്റ്റ് ഇക്കോടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് വേണ്ടി തയ്യാറാക്കിയ കരട് മെമ്മോറാണ്ടം പരിശോധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിനായി 04.10.2023-ലെ സ.ഉ.(സാധാ)നം. 370/2023/വനം ഉത്തരവ് പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതി ലഭ്യമാക്കിയ അഭിപ്രായങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മെമ്മോറാണ്ടം സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (സി) | പ്രധാനപ്പെട്ട ഇക്കോ ടൂറിസം പദ്ധതികളുടെ വികസനത്തിനായി വനം വകുപ്പ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | പ്രധാനപ്പെട്ട ഇക്കോടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ